December 2019 | Vol. 8 | Issue-13

# EXCEL SNEHITHAN
# എക്സൽ സ്നേഹിതൻ

A PUBLICATION FROM EXCEL MINISTRIES

## പഠനം എന്ന പർവ്വതം
ബിനു ജോസഫ് വടശ്ശേരിക്കര

## അവൾ തന്നാലാവത് ചെയ്തു.
ലിസ്സാ വിജയൻ

## ഒട്ടകവും ഉറുമ്പും
സുമേഷ് സുകുമാരൻ



DECEMBER 2019 | Vol.8 | Issue-13
EXCEL SNEHITHAN
എക്സൽ സ്നേഹിതൻ
A PUBLICATION FROM EXCEL MINISTRIES

**Chief Editor**
Binu Vadaserikara

**Publisher**
Anil P M Elanthoor

**Managing Editors**
Benson Varghese
Denny John

**Art Director**
Johnson Edayaranmula

**Editor- In-charge**
Liza Vijayan

**Editors**
Sumesh Sukumaran
Gladson James
Joby K C
Blesson P John
Shaji Joseph
Shibu K John
Samson R M
Isaac Tharian
Shinu Thomas

**Marketing Managers**
Stanley Ranni
Kiran Kumar

**Advisory Board**
Mr. George Koshy
Mr. Saji Paul
Mr. Sunil Kurian
Mr. Aby Malamattom
Pr. Abrham Malayil
Mr. Joji B John
Pr. Giji Ckacko
Rev. D Joy

**Patrons**
Rev Thampy Mathew
Rev. P.S.Philip
Rev. P G Mathews
Varkey Abraham

**DTP and Typsetting**
Sreekala Pradeep

**Designing & Layout**
Vithosh Pixels

## ഉള്ളടക്കം

പഠനം എന്ന പർവ്വതം ____ 03
പുഴയെന്നും പുതിയതാണ് ____ 04
Exam Tips ____ 05
ഒട്ടകവും ഉറുമ്പും ____ 06
അവൾ തന്നാലാവത് ചെയ്തു ____ 09
വാർത്തകൾ ____ 10

**എഡിറ്റോറിയൽ**

# വിജയത്തിലേക്ക്

**ബെൻസൺ വർഗ്ഗീസ്**

സന്തോഷവും ദുഃഖവും കുറെ നന്മകളും അനുഗ്രഹങ്ങളും നിറഞ്ഞ ഒരു വർഷം കൂടി നമ്മെ വിട്ടു പോകുമ്പോൾ ആയുസ്സിന്റെ ഒരു വർഷം കൂടി കുറയുകയാണ്. സകലവും ദൈവത്തിന്റെ ദാനം. കൂട്ടുകാർ പരീക്ഷകൾക്കായി തയ്യാറാകുമ്പോൾ നന്നായി കഠിനാദ്ധ്വാനവും പരിശീലനവും കൂടുതൽ ആയാൽ നല്ല  വിജയം കരസ്ഥമാക്കുവാൻ കഴിയും.

നല്ല ബുദ്ധി വേണമെന്നു എല്ലാ കൂട്ടുകാരും ആഗ്രഹിക്കുന്നു. യഹോവഭക്തി ജ്ഞാനത്തിന്റെ ആരംഭമാകുന്നു... അവയെ അചരിക്കുന്ന എല്ലാർക്കും നല്ല ബുദ്ധിയുണ്ട്... ദൈവത്തെ' ഭയപ്പെട്ടു ജീവിക്കുക നല്ല ബുദ്ധി ദൈവം നൽകും... ചില സമയങ്ങളിൽ പരാജയങ്ങൾ നമുക്ക് വന്നേക്കാം... നിരാശപ്പെടേണ്ട ഒരു നല്ല വിജയത്തിന്റെ തുടക്കമാകും അത്.

എന്നാൽ പഠനമല്ല ഒരിക്കലും  ജീവിത വിജയത്തിന്റെ കാരണം. ജിവിതത്തിൽ നമ്മൾ വിശ്വസ്തർ ആകുക... ദൈവാശ്രയം, ദൈവകല്പന അനുസരിക്കുക ഇതു ജിവിതത്തിന്റെ 'ഭാഗമാകുമ്പോൾ മറ്റൊന്നിനും  നിങ്ങളെ പരാജയത്തിലേക്ക് നയിക്കുവാൻ കഴിയില്ല ജീവിതം zero മാത്രമാകുമ്പോൾ ഇതിന് വില കുറവാണ് നാം ഇതിൽ ഒരു വിലയും കാണുന്നില്ല എന്നാൽ ഇതിന്റെ ഇടതു' ഭാഗത്ത് ഒന്ന് (Jesus ) കൂടി ആകുമ്പോൾ വില കൂടുന്നു. നമ്മുടെ ജീവിതത്തിനു ആരും വില കല്പിച്ചില്ലെങ്കിലും യേശു നിങ്ങളുടെ കൂടെ ചേരുമ്പോൾ  (Jesus +life =Success) ജീവിതം വിജയിക്കുന്നു. എല്ലാ സമയവും ദൈവഹിതം തിരിച്ചറിയുക ദൈവഹിതത്തിനായി സമർപ്പിക്കുക.

ഡയറക്ടർ എഴുതുന്നു...



# പഠനം എന്ന പർവ്വതം

**ബിനു ജോസഫ് വടശ്ശേരിക്കര**

പഠനം എന്ന പർവ്വതം കീഴടക്കുകയാണല്ലോ കുട്ടികൾ ചെയ്യേണ്ടത്. പലർക്കും പഠനം ഒരു ബാലികേറാമലയാണ്. പഠനത്തിന്റെ ആവശ്യകതയും അർത്ഥവും അറിയുമ്പോൾ മാത്രമാണ് ഒരാൾ പഠനം ശരിയായി ആരംഭിക്കുന്നത്. പഠനത്തിന്റെ ശരിയായ ഉദ്ദേശ്യം നൂറിൽ നൂറ് മാർക്ക് വാങ്ങുകയല്ല മറിച്ച് അറിവിൽ സമ്പന്നരായി നല്ല പൗരന്മാരായി തീരുകയാണ്. വിദ്യാധനം സർവ്വ ധനാൽ പ്രധാനം എന്നത് വളരെ ശരിയാണ്. അറിവ് ലോകത്തിൽ നിന്ന് നേടുമ്പോൾ ജ്ഞാനം ദൈവം നൽകുന്നു. യഹോവ ഭക്തി ജ്ഞാനത്തിന്റെ ആരംഭമാകുന്നു അവയെ ആചരിക്കുന്ന ഏവർക്കും നല്ല ബുദ്ധിയുണ്ട് (സങ്കീർത്തനം 111:11).

## പഠനം ആയാസ രഹിതമാക്കാൻ ചില നിർദ്ദേശങ്ങൾ

### 1. പഠിക്കാനുള്ള താല്പര്യം സ്വയം ഉണ്ടാക്കിയെടുക്കുക.

പഠിക്കുന്നത് സ്വന്തമായി വളരാനും ഉയരാനും ആണെന്ന് ഓർക്കുക. ദൈവബോധത്തോടുള്ള പഠനം നിങ്ങളെ വലിയവരാക്കും. ക്രമീകൃതമായി പഠിക്കാനുള്ള ടൈംടേബിൾ തയ്യാർ ചെയ്യുക. നിർബന്ധത്താലോ മാതാപിതാക്കളുടെ വഴക്കിന് പരിഹാരമായോ പഠനത്തെ കാണാതെ സ്വയം പഠിക്കുവാൻ തയ്യാറാവുക.

### 2. പഠന സ്ഥലം ക്രമീകരിക്കുക. (Organize your Study Space)

പഠിക്കാൻ ഇരിക്കുന്ന സ്ഥലം നന്നായി ക്രമീകരിക്കുക. പഠനത്തിൽ നിന്ന് ശ്രദ്ധമാറ്റുന്നവയിൽ നിന്ന് ഒഴിഞ്ഞിരിക്കുക. ടി.വി. റിമോർട്ട് മൊബൈൽ ഇവ മാറ്റി വയ്ക്കുക. കളിപ്പാട്ടങ്ങൾ, ഓൺ ചെയ്ത ടി.വി., കമ്പ്യൂട്ടർ മുതലായവ ശ്രദ്ധയെ മാറ്റും എന്നതിനാൽ പഠനസ്ഥലം ശ്രദ്ധിച്ച് തിരഞ്ഞെടുക്കുക. പുസ്തകം വയ്ക്കുന്ന ടേബിൾ, ഇരിപ്പിടം ഇവ ശരിയായ ഉയരത്തിൽ ആയിരിക്കണം.

### 3. പഠന വിഷയങ്ങൾ തിരഞ്ഞെടുക്കുക.

എല്ലാവിഷയത്തിനും തുല്യപ്രാധാന്യം നൽകണം. ഏതെങ്കിലും ഒരു വിഷയത്തിനായി കൂടുതൽ സമയം ചിലവഴിക്കരുത്. വായിച്ചും എഴുതിയും ഡയഗ്രങ്ങൾ തയ്യാറാക്കിയും, മനഃപാഠമാക്കിയും ഒക്കെ പഠിക്കാം. ചെറിയ ചാർട്ടുകൾ തയ്യാറാക്കി വെയ്ക്കുന്നത് പഠനം ആയാസ രഹിതമാക്കും

### 4. അന്നന്നുള്ള പാഠങ്ങൾ അന്നന്ന് തീർക്കുക.

പലരും പരീക്ഷാ ദിനങ്ങളിൽ പഠിച്ചു തീർക്കുവാൻ കഴിയാതെ ബുദ്ധിമുട്ടുക സാധാരണമാണ്. അന്നന്നുള്ളത് അന്നന്നു തന്നെ പഠിച്ചാൽ പരീക്ഷാ ദിനങ്ങളിൽ ടെൻഷൻ ഒഴിവാക്കാം. നാളെ നാളെ നീളെ എന്നത് പഠനത്തിൽ പ്രയോഗിക്കരുത്. പയ്യെ തിന്നാൽ പനയും തിന്നാം എന്നതു പോലെ ഓരോ ദിവസവും പഠിക്കുവാനും ഹോം വർക്ക് ചെയ്യുവാനും സമയം മാറ്റി വയ്ക്കുക.

### 5. പഠനം കളിയല്ല

മൊബൈൽ ഗെയിമുകൾ, കാർട്ടൂണുകൾ, ടി.വി.പരിപാടികൾ തുടങ്ങിയവ പഠനത്തിലെ വില്ലനാണ് അര മണിക്കൂർ കൂടുതൽ കളിക്കുകയോ ടി.വി. പരിപാടികൾക്കു മുമ്പിലോ ചെലവഴിക്കരുത്. അമിതമായ ഗെയിമുകളും കാർട്ടൂണുകളും പഠന താൽപര്യം കുറയ്ക്കും. പലരെയും ഇവ അടിമളാക്കും. അതിനാൽ ഗെയിമുകളോട് വിടപറയുക.

### 6. മടിയും അലസതയും ഒഴിവാക്കുക.

എല്ലാവരും ഉറങ്ങുമ്പോൾ ഉറക്കളിച്ചിരുന്ന് അദ്ധ്വാനിച്ചവർ മാത്രമാണ് ജീവിതത്തിൽ വലിയവരായത്. എന്ന ലോങ്ങ് ഫെലോയുടെ വാക്കുകൾ മറക്കരുത്. പഠനത്തിന് എതിരെയുള്ള മടി, അലസതയോട് വിടപറയുക.

ജീവിതം ഒരു പാഠശാലയാണ്, എല്ലാ അറിവുകളും നേടുക, നല്ല പൗരന്മാരാകുക, തിന്മയെ തള്ളി നന്മയെ തിരഞ്ഞെടുക്കുക. All the best

December 2019 | Vol.8 | Issue-13
EXCEL SNEHITHAN
എക്സൽ സ്നേഹിതൻ
A PUBLICATION FROM EXCEL MINISTRIES



**ഡെന്നി അങ്കിൾ എഴുതുന്നു**



# പുഴയെന്നും പുതിയതാണ്

**ഡെന്നി ജോൺ**

കുറച്ചു ദിവസങ്ങൾക്കു മുമ്പ് എന്റെ സുഹൃത്ത് അശോകേട്ടന്റെ വീട്ടിൽ പോയി അവിടെ താമസിച്ചു. അടുത്ത ദിവസം പ്രഭാതത്തിൽ അദ്ദേഹത്തോടൊപ്പം കുളിക്കാൻ തൊട്ടടുത്തുള്ള പുഴയിൽ പോയി. കുറെ നാളുകളായി പുഴയിൽ ഒന്ന് മുങ്ങിയിട്ടെന്നതിനാൽ എനിക്കും വളരെ രസകരമായി തോന്നി.

പ്രഭാതത്തിന്റെ കുളിർമയോടൊപ്പം കളകളാരവം മുഴക്കി ഒഴുകുന്ന പുഴയും മനോഹരമായ കാഴ്ചയായിരുന്നു. ഞാൻ അശോകേട്ടനോട് ചോദിച്ചു ഈ പുഴയ്ക്ക് എത്ര പഴക്കമുണ്ട്? അദ്ദേഹം ഒന്ന് നിർത്തി ചിന്തിച്ചു; എന്നിട്ട് ഇങ്ങനെ പറഞ്ഞു 'ഈ പുഴ ഒരുപാട് പഴയതാണ്. എന്റെ വല്യപ്പച്ചൻ ഈ പുഴയെക്കുറിച്ചുള്ള കഥകൾ പറഞ്ഞിട്ടുണ്ട്. ഓർമവെച്ച നാൾ മുതൽ ഈ പുഴ ഞാനും കാണുന്നതാണ്.'

ഓഹോ...അപ്പോൾ പുഴ പഴയതാണ് അല്ലേ? ഞാൻ അദ്ദേഹത്തോട് ചോദിച്ചു.

പതുക്കെ ഞങ്ങൾ പുഴയിലേക്കിറങ്ങി. ഞാൻ ചുറ്റും നോക്കി. തൊട്ടടുത്ത് ചാഞ്ഞു നിൽക്കുന്ന മുളങ്കൂട്ടങ്ങൾ. അതിന്റെ തുമ്പ് ചാഞ്ഞു വന്ന് പുഴയെ തലോടി പോകുന്നു. അതിനു എന്തോ വല്ലാത്ത സന്തോഷം പോലെ. ഞാൻ മുളങ്കൂട്ടത്തോടു ചോദിച്ചു എന്തേ ഇത്ര സന്തോഷിക്കാൻ?

അത് പറഞ്ഞു പുതുമയുള്ള ഈ പുത്തൻ പുഴ കാണുമ്പോൾ എങ്ങനെ സന്തോഷിക്കാതിരിക്കും?

'പുതിയ പുഴയോ?' ഞാൻ അത്ഭുതം കൂറി. അല്പം മുമ്പ് ഇത് പഴയ പുഴയാണെന്ന് എന്റെ സുഹൃത്ത് പറഞ്ഞതേ ഉള്ളൂ. ഞാൻ വല്ലാത്ത കൺഫ്യൂഷനിൽ ആയി.

മുളങ്കൂട്ടം പറഞ്ഞു:'ഓരോ നിമിഷവും പുഴ പുതിയതാണ്. ചുറ്റും കാണുന്ന മരക്കൂട്ടവും, പാറക്കെട്ടുകളും, കരിങ്കല്ലും എല്ലാം അവിടെ നിൽക്കാൻ തുടങ്ങിയിട്ട് കാലമേറെയായി കാണാം. ഇക്കാണുന്ന തോട് പുഴയുടെ വഴി മാത്രമാണ്. എന്നാൽ അതിലൂടെ ഒഴുകി വരുന്ന വെള്ളം ഞാൻ ഇതുവരെ കാണാത്തവയാണ്. കണ്ടവയെ ഇനി ഒരിക്കലും കാണാനും കഴിയില്ല.


ഇക്കാണുന്ന പാറക്കെട്ടുകളും മരങ്ങളും ഒന്നുമല്ല പുഴ. ഒഴുകുന്ന ഈ വെള്ളമല്ലേ യഥാർത്ഥത്തിൽ പുഴ? ഓരോ നിമിഷവും കളകളാരവം മുഴക്കി ഒഴുകുന്ന പുതുമയുള്ള ഈ പുഴ കാണുമ്പോൾ ഞാനെങ്ങനെ സന്തോഷിക്കാതിരിക്കും, എങ്ങനെ കുശലം ചോദിക്കാതിരിക്കും? അതെ ഓരോ നിമിഷവും ഈ പുഴ പുതിയതാണ്.'

പ്രിയ സുഹൃത്തേ.... ജീവിതത്തിന്റെ പഴക്കം നോക്കി എത്രയോ കാലമായി ഇതുപോലെ പോകുന്നു എന്നു ചിന്തിക്കുന്നുവോ? ജീവിതം എന്നും ഒരുപോലെ തന്നെ വല്ലാത്ത ആവർത്തനവിരസത അനുഭവപ്പെടുന്നു എന്ന് ചിന്തിക്കുന്നു എങ്കിൽ ഒന്നോർക്കുക. നമുക്ക് ലഭിക്കുന്ന ദിനരാത്രങ്ങൾ ജീവിതത്തിന്റെ ഒരു തനിയാവർത്തനം അല്ല. ഒരോ ദിവസങ്ങളും പുതിയതാണ്. പുതിയതായി ഒഴുകിയെത്തുന്ന പുഴപോലെ ഓരോ നിമിഷങ്ങളും നമ്മുടെ അരികിലേക്ക് ഒഴുകിയെത്തുകയാണ്.

നമുക്ക് പ്രവർത്തിക്കുവാൻ, കർമ്മനിരതരാകാൻ, ആസ്വദിക്കുവാൻ ഓരോ നിമിഷങ്ങളും

*8-ാം പേജിൽ തുടരും*

Exam Tips



# Are you study-SMART ?

Shibu K John, Kallada

We are familiar with terms like smart cards, smart banking etc. The term "smart" here means compact, effective and easy to handle etc.

In this age of competition and smartness, how one study is very important. How you utilize your precious time to prepare is what matters. One can spend hours and hours in mugging up, but the exam results could be poor. On the other hand, someone is making notes, quick guides, short forms etc to memorize better. They score high grades and are cheerful. So, you need to be **SMART** than simply hard working. Here are some tips that help you become study-**SMART.**

**S: Save.**

While you attend classes, save important notes in different files. Save examiners favourite questions too. This will help you save lot of time when the exams are around.

**M: Mnemonic.**

This is very helpful memorising technique. You make new, crazy words by using the first letters of a big answer. Eg : VIBGYOR is the name of the seven colours in order of their wave length. If you remember the crazyword, you remember the big answer.

**A: Ask.**

Ask the 5W1H questions to get more ideas and stimulate your brain. They are, What, When, Where, Who, Why and How. This is more helpful in language and history subjects. You heard the proverb, ordinary people have answers; only GENIUS have questions!

***R:* Review.**

Frequently review what you already learned. Make it a habit to revise and review each subject. This will not only help you to strengthen your memory, but also to find out lapses. Make a personal timetable for your everyday activities. Stick to it.

***T:* Trust Jesus.**

Nothing is impossible for God. He knows the situation you are in. He is your loving Dad. Trust God for all your needs. James 1:5 says, If any of you lack wisdom, let him ask of God, that giveth to all men liberally, and upbraideth not; and it shall be given him.

Apply this **SMART** Principle for your studies this year. Always remember one thing: If all of your time and energy are utilized properly, you too can bag big success. You are worthy of it!!

December 2019 | Vol.8 | Issue-13
EXCEL SNEHITHAN
എക്സൽ സ്നേഹിതൻ
A PUBLICATION FROM EXCEL MINISTRIES







# ഒട്ടകവും ഉറുമ്പും

**സുമേഷ് സുകുമാരൻ**

ലോകത്തിലെ ഏറ്റവും വലിയ മരുഭൂമിയായ സഹാറ മരുഭൂമിയിൽ അപ്രതീക്ഷിതമായി കണ്ടു മുട്ടിയതാണ് ഒരു ഒട്ടകവും ഉറുമ്പും. അവരുടെ സംഭാഷണം തികച്ചും ചിന്തനീയം ആയിരുന്നു.

എടാ ഉറുമ്പേ എങ്ങോട്ടാ ഇത്ര വേഗത്തിൽ നീ പോകുന്നത്? അതും ഇത്ര കാറ്റും വെയിലും ഉള്ളപ്പോൾ. എന്തു പറയാനാ എന്റെ ഒട്ടകം ചേട്ടാ ജീവിക്കേണ്ടേ ? അതിനുള്ള ഓട്ടമാണിത്. എത്ര വെയിലായാലും കാറ്റായാലും നാളേക്കായി കരുതണമല്ലോ? അതിനുവേണ്ടി ആഹാരം കണ്ടെത്താനുള്ള ഓട്ടമാണിത്. ഇന്ന് ഞാൻ അതിന് മടിച്ചാൽ നാളെ ഞാൻ നശിച്ചുപോകും. ഇന്നത്തെ ന്യൂ ജനറേഷന് ഇതൊന്നും അറിയേണ്ട കാര്യമില്ലല്ലോ. നമ്മൾ അദ്ധ്വാനിച്ചാൽ മാത്രമേ നമുക്ക് കഴിയ്ക്കാനായി കഴിയൂ. എല്ലു മുറിയെ പണിതാൽ പല്ലു മുറിയെ തിന്നാം. എന്ന് പഴമക്കാർ പറയുന്നത് എത്ര ശരിയാണ്. എന്നാൽ ഇന്ന് നേരെ തിരിച്ചാണ് പല്ലു മുറിയെ തിന്നണം പക്ഷേ എല്ലു മുറിയെ കഷ്ടപ്പെടാൻ വയ്യ.

ആ അതൊക്കെ പോട്ടെ ചേട്ടൻ എങ്ങോട്ടാ..? എന്താ കഴിക്കുന്നേ..? എന്തു പറയാനാ ദൈവം എന്നെ ഇങ്ങനെ സൃഷ്ടിച്ചത് നന്നായി അല്ലെങ്കിൽ ഞാൻ ചത്തുപോയേനേ. അതെന്താ..?

നീ എന്റെ മുതുകിലെ മുഴ കണ്ടോ ഞാൻ ആഹാരം ഇവിടെയാണ് സൂക്ഷിക്കുന്നത്. എന്നിട്ട് വിശക്കുമ്പോൾ അവിടെ നിന്ന് എടുത്ത് കഴിയ്ക്കും. അല്ലാതെ എവിടുന്നാ ഈ മരുഭൂമിയിൽ ദിവസോം ആഹാരം കിട്ടുന്നത്. അതുകൊണ്ടല്ലേ ഞാൻ ഇങ്ങനെ ജീവിക്കുന്നത്. നീ കേട്ടിട്ടില്ലേ സമ്പത്ത് കാലത്ത് തൈ പത്ത് വച്ചാൽ ആപത്ത് കാലത്ത് കാ പത്ത് തിന്നാം എന്ന്. അതുപോലെയാണ് ഞാനും ആഹാരം ഞാൻ എന്റെ ഈ മുഴയിൽ ശേഖരിച്ചു വയ്ക്കും. എന്നിട്ട് ആഹാരം ഇല്ലാത്തപ്പോൾ ഇത് എടുത്ത് വച്ച് ചവച്ചരച്ച് കഴിക്കും.

ഇന്ന് നാം പറയുന്നത് പഠിക്കാൻ കുറെയുണ്ട് പഠിക്കാൻ വയ്യ എങ്ങനെ പഠിക്കാനാ പലപ്പോഴും നാം മടിയന്മാരായി മാറുന്നു.

എന്നാൽ നമ്മൾ ഉറുമ്പിനെപ്പോലെ അദ്ധ്വാനിക്കുകയും ഒട്ടകം ആഹാരം തന്റെ മുഴയിൽ സൂക്ഷിച്ചു വയ്ക്കുന്നതുപോലെ പഠിക്കുന്ന കാര്യങ്ങൾ നമ്മുടെ മെമ്മറിയിൽ സ്റ്റോർ ചെയ്തു വയ്ക്കുകയും ചെയ്താൽ അത് നമുക്ക് നാളേക്കായി പ്രയോജനം ചെയ്യും.

അങ്ങനെ ഒട്ടകവും ഉറുമ്പും അവരുടെ യാത്ര തുടർന്നുകൊണ്ടിരുന്നു. അവരുടെ ജീവിതത്തിലൂടെ വലിയ പാഠങ്ങൾ പകർന്നു തന്നു. ഇനി നമ്മുടെ ജീവിതങ്ങളിലൂടെ നാമിത് മറ്റുള്ളവരിലേക്ക് പകരാം.



## പരീക്ഷാ വിജയത്തിന് 10 നിർദ്ദേശങ്ങൾ

1. നല്ല ബുദ്ധിയും ഓർമ്മ ശക്തിയും ലഭിക്കുവാൻ ദൈവത്തോട് പ്രാർത്ഥിക്കുക.
2. പാഠഭാഗങ്ങളെല്ലാം കൃത്യമായി പഠിച്ചു തീർക്കുക.
3. പഠിച്ച ഭാഗങ്ങൾ വീണ്ടും ആവർത്തിച്ച് പഠിക്കുക.
4. മുൻ വർഷങ്ങളിലെ ചോദ്യങ്ങൾ റഫർ ചെയ്ത് പഠിക്കുക.
5. പടങ്ങൾ വരച്ചും ഫോർമുലകളും കണക്കുകളും എഴുതിയും പഠിക്കുക.
6. കൂട്ടുകാരുമായി ചേർന്ന് കമ്പയിൻ സ്റ്റഡി നടത്തുന്നത് ഓർമ്മ നില നിർത്തുവാൻ നല്ലതാണ്.
7. പ്രയാസമുള്ള വിഷയം കൂടുതൽ സമയം പഠിക്കുക.
8. എളുപ്പമുള്ള വിഷയങ്ങൾ അവസാനം പഠിക്കുക.
9. എനിക്കിത് പഠിക്കാൻ കഴിയുമെന്ന് സ്വയം ധൈര്യപ്പെടുക.
10. സ്വസ്ഥമായ മനസ്സോടെ പരീക്ഷ നേരിടാൻ തയ്യാറാകുക.

## ദൈവത്തെ നന്ദിയോടെ ഓർക്കാനുള്ള കാര്യങ്ങൾ

1. ഒരു വർഷം മുഴുവൻ നമ്മെ സൂക്ഷിച്ച ദൈവത്തിന് നന്ദി പറയാം.
2. പഠിക്കുവാൻ ബുദ്ധിയും ഓർമ്മയും തന്ന ദൈവത്തിന് നന്ദി പറയാം.
3. കാഴ്ചയും കേൾവിയും തന്ന ദൈവത്തിന് നന്ദി പറയാം.
4. നല്ല കൂട്ടുകാരെ തന്ന ദൈവത്തിന് നന്ദി പറയാം.
5. നിങ്ങളെ സ്നേഹിക്കുന്ന മാതാപിതാക്കളെ തന്ന ദൈവത്തിന് നന്ദി പറയാം.
6. ആവശ്യമുള്ള ആഹാരവും വസ്ത്രവും തന്ന ദൈവത്തിന് നന്ദി പറയാം.
7. നല്ല ആരോഗ്യമുള്ള ശരീരം തന്ന ദൈവത്തിന് നന്ദി പറയാം.
8. ജീവിക്കാൻ തന്ന നല്ല അവസരത്തിനായി നന്ദി പറയാം.

## കണക്കിലെ കൺഫ്യൂഷൻ തീർക്കൂ
## സമ്മാനം നേടൂ

സുപ്രുവിന്റെ പട്ടിക്കൂടിന്റെ നാലു വശത്തും പട്ടിക അടിക്കണം. ഓരോ വശത്തും 40 പട്ടിക വീതമാണ് അടിക്കേണ്ടത്. എത്ര പട്ടികയും കൊണ്ട് ഓരോ വശത്തും ചെല്ലുന്നുവോ അത്രയും പട്ടിക ആ വശത്തു നിന്നും നമുക്ക് കിട്ടും. നാലാമത്തെ വശത്തും പട്ടിക അടിച്ചു കഴിയുമ്പോൾ ഒരു പട്ടിക പോലും ബാക്കി കാണരുത്. എങ്കിൽ എത്ര പട്ടികയും കൊണ്ട് വേണം ആദ്യ വശത്തു ചെല്ലുവാൻ ?

**വാട്ടസാപ്പ് നമ്പർ :9526677871**



# ബൈബിൾ ക്വിസ്സ്

**(1 കൊരിന്ത്യർ 4–ാം അദ്ധ്യായം)**

**ഉത്തരങ്ങൾ റഫറൻസ് സഹിതം അയയ്ക്കുക**
**ഫോൺ : 9496325026, 9526677871**

1. ഗൃഹവിചാരകന്മാരിൽ അന്വേഷിക്കുന്നതെന്താണ് ?
2. പൗലോസിനെ വിധിക്കുന്നതാരാണ് ?
3. എവിടെ മറഞ്ഞിരിക്കുന്നതാണ് വെളിച്ചത്താകുന്നത് ?
4. ലോകത്തിനും മനുഷ്യർക്കും ദൂതന്മാർക്കും അവർ എന്തായി തീർന്നു ?
5. ആരുടെ കയ്യാൽ ആണ് വേല ചെയ്ത് അദ്ധ്വാനിക്കുന്നത് ?
6. ദൂഷണം കേട്ടിട്ട് എന്താണ് ചെയ്യുന്നത് ?
7. ക്രിസ്തുവിൽ എത്ര ഗുരുക്കന്മാരാണുള്ളത് ?
8. പൗലോസിന്റെ ആരാകുവാനാണ് പറയുന്നത് ?
9. കർത്താവിൽ വിശ്വസ്തനും പൗലോസിന്റെ പ്രിയ മകനും ആര് ?
10. ദൈവരാജ്യം എന്തിലാകുന്നു ?

## റഫറൻസ് പറയാമോ ? സമ്മാനം നേടൂ...

എന്നെ ശക്തനാക്കുന്നവൻ മുഖാന്തിരം
ഞാൻ സകലത്തിനും മതിയാകുന്നു.

**വാട്ടസാപ്പ് നമ്പർ :9526677871**

## പുഴയെന്നും പുതിയതാണ്

*4–ാം പേജിൽ നിന്നും*

പുതുമയോടെ നമുക്ക് മുൻപിൽ എത്തുന്നു. നമ്മിൽ നിന്നും അകലുന്ന ഓരോ നിമിഷങ്ങളും ഓരോ ദിനങ്ങളും പിന്നീട് മടക്കി ലഭിക്കുന്നതല്ല. അങ്ങനെയെങ്കിൽ ദിവസത്തെയും ജീവിതത്തെയും പഴിക്കുകയല്ല വേണ്ടത് മറിച്ച് നാം ചെയ്യുന്ന ഓരോ കാര്യങ്ങളിലും പുതുമ കണ്ടെത്താൻ ശ്രമിക്കുക. ഒരു ദിനം കൂടി തന്ന ദൈവത്തോട് നന്ദിയർപ്പിക്കുക, ദിവസത്തിൽ ഒരു പുതിയ കാര്യമെങ്കിലും ചെയ്യുക. ഓരോ നിമിഷത്തെയും ആസ്വാദ്യകരമാക്കുക.

തീർച്ചയായും അതൊരു പുതിയ അനുഭവം ആയിരിക്കും.

■

സഹോദരിമാരോട്



# അവൾ തന്നാലാവത് ചെയ്തു.

## മർക്കോസ് 14:8

**ലിസ്സാ വിജയൻ**

ഒരിക്കലും തീരാത്ത ജോലിയുള്ളവരാണ് സ്ത്രീകൾ. എത്ര ജോലി ചെയ്താലും മറ്റുള്ളവരാൽ മാനിക്കപ്പെടാത്തവരും സ്ത്രീകളാണ്. എന്നാൽ തിരിച്ചറിയേണ്ട ഒരു യാഥാർത്ഥ്യമുണ്ട്. ആത്മാർത്ഥതയോടെ ജോലി ചെയ്താൽ ദൈവത്താൽ മാനിക്കപ്പെടും. അവരവരെക്കൊണ്ട് കഴിയുന്ന കാര്യങ്ങൾ മാത്രമേ ദൈവം ചെയ്യുവാൻ ആവശ്യപ്പെടുന്നുള്ളൂ. തന്നാലാവത് ചെയ്ത ചില മാന്യ വനിതകളെ ശ്രദ്ധിക്കാം.

### 1. യേശുവിനെ തൈലം പൂശിയ മറിയ

ശിമോന്റെ വീട്ടിലെത്തിയ യേശുവിനെ മറിയ തൈലം പൂശുന്നു. ഈ തൈലം ദീർഘകാലം കൊണ്ട് അവൾ സമ്പാദിച്ചതാണ്. യേശുവിന്റെ കാലിൽ ആ തൈലം പൂശിയപ്പോൾ പലരും അവളെ വിമർശിക്കുന്നു. ഇത് വെറും ചിലവാണെന്ന് പറയുന്നു.

എന്നാൽ യേശു അവളുടെ പ്രവർത്തിയെ അംഗീകരിക്കുന്നു. സുവിശേഷം ലോകത്തിൽ പ്രസംഗിക്കുന്നിടത്തെല്ലാം അവളുടെ ഓർമ്മയ്ക്കായി അത് പ്രസ്താവിക്കുമെന്നും അവൾ എങ്കൽ നല്ല പ്രവർത്തിയല്ലോ ചെയ്തത് എന്നും യേശു പറഞ്ഞു.

### 2. അദ്ധ്വാന ശീലയായ രൂത്ത്

തന്നാലവതു ചെയ്ത മറ്റൊരു സ്ത്രീയാണ് രൂത്ത്. ഭർത്താവ് മരിച്ചിട്ടും തന്റെ അമ്മാവിയമ്മയോട് ചേർന്ന് നിന്ന രൂത്തും ദൈവത്താൽ മാനിക്കപ്പെട്ടു. മോവാബ് ദേശത്തു നിന്നും ബേത്‌ലഹേമിൽ വന്നതിനു ശേഷം അല്പം പോലും വിശ്രമിക്കാതെ വയലിൽ നിന്നും കതിർ മണികൾ ശേഖരിക്കുവാനായി അവൾ പോയി. വിശ്രമമില്ലാതെ അദ്ധ്വാനിച്ച അവൾക്കുവേണ്ടി കറ്റകളുടെ ഇടയിൽ നിന്നും വലിച്ചിടുവാനായി ബോവസ് കൽപ്പിക്കുന്നു. അതു മാത്രമല്ല അവസാനം ബോവസിന്റെ ഭാര്യയാകുകയും അവൾ കാലാപെറുക്കിയ നിലത്തിന്റെ ഉടമസ്ഥയാകുകയും ചെയ്യുന്നു.

### 3. രാജകല്പന മാറ്റുവാനായി ഉപവസിച്ച എസ്ഥേർ

യെഹൂദാ വംശത്തെ കൊന്നു മുടിക്കുവാൻ കല്പന പുറപ്പെട്ടതറിഞ്ഞ എസ്ഥേർ താൻ രാജകൊട്ടാരത്തിൽ സുരക്ഷിതയായിരുന്നിട്ടും അവൾ തന്റെ ജനത്തിനു വേണ്ടി പ്രവർത്തിക്കുവാൻ തീരുമാനിച്ചു. രാജാവിന്റെ അടുത്ത് ചെല്ലുവാൻ അനുവാദമില്ലാതിരുന്നിട്ടും താനും തോഴിമാരും ഉപവസിച്ചു. വളർത്തച്ഛനോടും ഉപവസിക്കാൻ പറഞ്ഞു. രാജാവിന്റെ കല്പന നിമിത്തം ശൂശൻ പട്ടണം കലങ്ങിപ്പോയെങ്കിൽ എസ്ഥേറിന്റെ പ്രവൃത്തി നിമിത്തം ആ പട്ടണം ആർത്തു സന്തോഷിച്ചു. യഹൂദന്മാരെ വിടുവിയ്ക്കുകയും ഈ കല്പന എഴുതിവച്ച ഹാമാനെ നശിപ്പിക്കുകയും ചെയ്തു.

ദൈവം നമ്മെ ഈ ഭൂമിയിൽ ആക്കിയത് ചില പ്രത്യേക ദൗത്യങ്ങൾ ചെയ്തു തീർക്കുവാനാണ്. നമ്മളാലാകും വിധം അത് നന്നായി ചെയ്യുക. അങ്ങനെ ചെയ്താൽ ദൈവത്താൽ പ്രശംസിക്കപ്പെടും. ആകയാൽ മറിയയെപ്പോലെ തന്നാലാവത് ചെയ്ത്, രൂത്തിനെപ്പോലെ അദ്ധ്വാന ശീലമുള്ളവരായി, എസ്ഥേറിനെപ്പോലെ ഉപവസിച്ച് ദൈവത്താൽ മാനിക്കപ്പെടുവാൻ ഇടയാവട്ടെ.

December 2019 | Vol.8 | Issue-13
EXCEL SNEHITHAN
എക്സൽ സ്നേഹിതൻ
A PUBLICATION FROM EXCEL MINISTRIES



# എക്സൽ വാർത്തകൾ





## സംഗീത സായാഹ്നം

**വടശ്ശേരിക്കര :** എക്സൽ യൂത്ത് ഫെലോഷിപ്പിന്റെ നേതൃത്വത്തിൽ 2019 നവംബർ 20 ന് 6 .മണി മുതൽ 9 മണി വരെ സംഗീത സായാഹ്നം നടന്നു. എക്സൽ മ്യൂസിക് ബാൻഡ് വിവിധ ഗാനങ്ങളാലപിച്ചു. എക്സൽ യൂത്ത് ഫെലോഷിപ്പ് വിവിധ സഭകളിലെ 25 ലധികം അംഗങ്ങളെ ഉൾപ്പെടുത്തി ക്രമീകരിച്ച ക്വയറിന്റെ ഗാനാലാപനം ശ്രോതാക്കളിൽ ഒരു നവ്യാനുഭവം പകർന്നു. പാസ്റ്റർ സി.കെ. എബ്രഹാമിന്റെ അദ്ധ്യക്ഷതയിൽ നടന്ന മീറ്റിംഗിൽ പാസ്റ്റർ പ്രിൻസ് റാന്നി മുഖ്യ സന്ദേശം നൽകി. എക്സൽ ഡയറക്ടർ ബിനു ജോസഫ് വടശ്ശേരിക്കരയോടൊപ്പം എക്സൽ ടീം അംഗങ്ങൾ ഈ മീറ്റിംഗിൽ പങ്കെടുത്തു. പാസ്റ്റർമാരായ സാം തങ്കച്ചൻ, റോബിൻ വർഗ്ഗീസ്, ജോമോൻ തുടങ്ങിയവർ വിവിധ കമ്മറ്റികൾക്ക് നേതൃത്വം നൽകി.






## വിഷൻ 2020 ക്ക് അനുഗ്രഹീത സമാപനം

**തിരുവല്ല:** എക്സൽ വിഷൻ 2020 ചൈൽഡ് ഇവാൻജെലിസം കോൺഫറെൻസിനു അനുഗ്രഹീത സമാപനം.

തിരുവല്ല ശാന്തി നിലയത്തിൽ വച്ചു നടന്ന വിഷൻ 2020 റവ. തോമസ് എം. പുളിവേലിൽ അവറുകൾ ഉത്ഘാടനം ചെയ്തു. ബിനു ജോസഫ് വടശ്ശേരിക്കര അധ്യക്ഷത വഹിച്ചു. ചാർളി അബ്രോ, ഡോക്ടർ സജി കുമാർ കെ. പി, പാസ്റ്റർ അനിൽ ഇലന്തൂർ, ഷിബു കെ. ജോൺ, ജോബി കെ. സി, ബാബു തോമസ് അങ്കമാലി എന്നിവർ വിവിധ സെഷനുകളിൽ ക്ലാസുകൾ നയിച്ചു. എക്സൽ മ്യൂസിക് ടീമിന്റെ നേതൃത്വത്തിൽ ഗാനശുശ്രൂഷ നടന്നു. മാത്യു ജോൺ, സ്റ്റാൻലി റാന്നി, ബെൻസൺ വർഗീസ് തോട്ടഭാഗം, ഗ്ലാഡ്സൻ ജയിംസ് തുടങ്ങിയവർ ഗാനങ്ങൾ ആലപിച്ചു. കേരളത്തിന്റെ വിവിധ ജില്ലകളിൽ നിന്നായി 200 ലധികം ബാല-യുവജന സുവിശേഷകരും ദൈവ ദാസന്മാരും പങ്കെടുത്തു .

# എക്സൽ വാർത്തകൾ



## എക്സൽ കുടുംബ സംഗമം 2019

**കോഴഞ്ചേരി :** എക്സൽ കുടുംബസംഗമം മാംഗോ മെഡോസ് കടുത്തുരുത്തിയിൽ വച്ച് നവംബർ 15 ന് നടന്നു. ഏകദേശം 60 ലധികം പേർ പങ്കെടുത്തു. ഏഷ്യയിലെ ഏറ്റവും വലിയ അഗ്രികൾച്ചറൽ പാർക്കായ മാംഗോ മെഡോസിലെ കാഴ്ചകളും റൈഡുകളും എക്സൽ കുടുംബാംഗങ്ങൾക്ക് ഒത്തുചേരലിന്റെ മാധുര്യം ഇരട്ടിയാക്കി. ടീം ഒരുക്കിയ വിവിധ ഗെയിമുകൾ, ചർച്ചകൾ , ലഘു സന്ദേശങ്ങൾ ഇവ ഈ കുടുംബസംഗമത്തിന്റെ എടുത്തു പറയത്തക്ക പ്രത്യേകതകളാണ്. എക്സൽ ചെയർമാനായിരിക്കുന്ന റവ.തമ്പി മാത്യു ഈ ഒത്തു ചേരലിൽ മുഖ്യസന്ദേശം നൽകി.



## എക്സൽ ഹോപ്പ് വാർഷിക ക്യാമ്പ് 2019

2019 നവംബർ മാസം 16,17 ശനി, ഞായർ ദിവസങ്ങളിൽ എക്സൽ ഹോപ്പ് വാർഷിക ക്യാമ്പ് മാരാമൺ റിട്രീറ്റ് സെന്ററിൽ വച്ച് നടത്തപ്പെട്ടു. എക്സൽ ഹോപ്പ് സ്റ്റേറ്റ് കോർഡിനേറ്റർ പാസ്റ്റർ സാംസൺ ആർ.എം അദ്ധ്യക്ഷത വഹിച്ച മീറ്റിംഗ് എക്സൽ മിനിസ്ട്രീസ് ചെയർമാനായ റവ. തമ്പി മാത്യു ഉദ്ഘാടനം ചെയ്തു. എക്സൽ മിനിസ്ട്രീസ് ഡയറക്ടർ പാസ്റ്റർ ബിനു ജോസഫ് എക്സൽ ടീം അംഗങ്ങളായ പാസ്റ്റർ ഷിബു കെ.ജോൺ, ബ്രദ. ബ്ലസ്സൻ പി.ജോൺ, പാസ്റ്റർ സി.കെ വിജയൻ എന്നിവർ ആശംസകൾ അറിയിച്ചു.

എക്സൽ ഹോപ്പിന്റെ ആറ് ബ്രാഞ്ചുകളിൽ നിന്നുമായി 70 ഓളം കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു. കുട്ടികൾക്കായുള്ള പ്രത്യേക സെഷനുകൾ എക്സൽ ടീം അംഗങ്ങളായ ഗ്ലഡ്സൺ ജെയിംസ്, ജോബി കെ.സി, ഷിബു കെ.ജോൺ എന്നിവർ നിർവ്വഹിച്ചു. കോർഡിനേറ്റേഴ്സിനായുള്ള പ്രത്യേക സെഷനുകൾ റവ. തമ്പി മാത്യു, ജോബി കെ.സി. എന്നിവർ നയിച്ചു.

December 2019 | Vol.8 | Issue-13
EXCEL SNEHITHAN
എക്സൽ സ്നേഹിതൻ
A PUBLICATION FROM EXCEL MINISTRIES



# എക്സൽ വാർത്തകൾ



## ജിംഗിൾ ബെൽസ്
## (ന്യൂ ഇയർ സമ്മാനങ്ങൾ നൽകാം.)

പ്രിയ കൂട്ടുകാരേ,

ഒരു വർഷം നമ്മെ വിട്ടു പോകുകയാണ്. പുതിയ വർഷത്തിലേക്ക് പ്രവേശിക്കുമ്പോൾ പുതുവത്സര സമ്മാനങ്ങൾ സ്വീകരിക്കാൻ എല്ലാവരും റെഡിയായിരിക്കുകയാണല്ലേ? എന്നാൽ ഒരിക്കൽ പോലും ഇങ്ങനെ സമ്മാനങ്ങൾ ലഭിച്ചിട്ടില്ലാത്ത കൂട്ടുകാരെക്കുറിച്ച് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? നിങ്ങളുടെ പണത്തിൽ നിന്നും അല്പം മാറ്റി വച്ചാൽ ഈ കുഞ്ഞുങ്ങളെയും നമുക്ക് സഹായിക്കാം .

തിരഞ്ഞെടുക്കപ്പെടുന്ന ഓർഫനേജുകളിലെ കൂട്ടുകാർക്ക് (5 മുതൽ 18 വയസ്സു വരെയുള്ള ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും) 300 രൂപയിൽ കുറയാത്ത സമ്മാന കിറ്റുകൾ വിതരണം ചെയ്യുന്നു. നിങ്ങൾക്കും ഈ സംരംഭത്തിൽ പങ്കാളികളാകാം എത്ര ഗിഫ്റ്റ് പാക്കറ്റുകൾ വേണമെങ്കിലും നൽകുകയോ അവയ്ക്കാവശ്യമായ പണം (20-12-2019 ന് മുൻപായി) നൽകുകയോ ചെയ്യാം.

### താല്പര്യമുള്ള കൂട്ടുകാർ ബന്ധപ്പെടുക
### 9496325026, 9744572716

**PLEASE SEND YOUR DONATION TO**

| | |
|---|---|
| Excel Ministries | Excel Hope |
| A/c No 67152344644 | A/c No 67328994902 |
| SBI , Elanthoor Branch | SBI , Elanthoor Branch |
| IFSC Code: SBIN0070762 | IFSC Code: SBIN0070762 |

NEW YEAR WISHES from
EXCEL SNEHITHAN



EXCEL
VBS
2020

EXCEL VBS
score with jesus
J2020
TWENTY TWENTY

BOOK ചെയ്യൂ നിങ്ങളുടെ സഭയിലും ഒരു VBS

CONTACT US @ 9496325026 | 9744572716

Edited, Printed and Online Published by Binu Vadasserikkara and owned by Anil P.M
on behalf of Excel Ministries P.B. No-82, Pathanamthitta P.O., Kerala- 689 645